## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1760 — 17.12.2012 ൽ മറുപടി പറയേണ്ടിയിരുന്നത്

### ഹരിത സാങ്കേതിക കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.വർക്കല കഹാർ | | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഹരിത സാങ്കേതിക കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഗ്രാമതലങ്ങളിൽ ഹരിത സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു കേന്ദ്രം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് രൂപം നൽകിയത്. ഹരിത സാങ്കേതിക വിദ്യ ജനങ്ങൾക്ക് എളുപ്പം ലഭ്യമാക്കുന്നതിനും ഇതുവഴി പ്രകൃതി സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതി സഹായകരമാകും. |
| (സി) പരിസ്ഥിതിക്കു യോജിച്ച സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഹരിത സാങ്കേതിക കേന്ദ്രങ്ങളിൽ ലഭ്യമായ ഹരിത സാങ്കേതിക വിദ്യകളും ഉല്പന്നങ്ങളും പ്രദർശിപ്പിക്കുകയും ഇത്തരം വിദ്യകളുടെ സാങ്കേതിക മേന്മ പരിചയപ്പെടുത്തുകയും കൂടാതെ ഗ്രാമതലങ്ങളിൽ ഇത് പ്രചരിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാനുമാണ് ഉദ്ദേശം. ഇത്തരം കേന്ദ്രങ്ങൾ ഹരിത സാങ്കേതിക വിദ്യയുടെ മികവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കും. |
| (ഡി) പ്രസ്തുത പദ്ധതിയുടെ നേതൃത്വവും നടത്തിപ്പും ആർക്കാണ് നൽകിയിരിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഭൗമ ശാസ്ത്ര പഠനകേന്ദ്രത്തെയാണ് ഏല്പിച്ചിരുന്നത് എങ്കിലും ചില ഭരണപരമായ കാരണങ്ങളാൽ പദ്ധതി മുന്നോട്ട് പോയിട്ടില്ല. |

സെക്ഷൻ ഓഫീസർ